(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2066/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 03.12.2016
Phone No: 0471-2331231
Email: lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: പോത്തൻകോട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയ്ക്കും ഭാഗം 3-ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.11/2066/2016 തീയതി: 03.12.2016

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.04.2016 മുതൽ 07.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽകണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.ജമാലുദ്ദീൻ ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.11.2016മുതൽ 22 .11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജോൺ മനോഹർ.എ.<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.പ്രേംനാഥ്.ജി.കെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.പ്രകാശ് കൃഷ്ണൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ദീപേഷ്.സി.ഡി<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.ശ്രീകല.എസ്. (01.04.2015 മുതൽ 31.10.2015 വരെ)

ശ്രീ.വേണുഗോപാലൻ നായർ (12.11.2015 മുതൽ 31.03.2016 വരെ)

സെക്രട്ടറി : ശ്രീമതി.ശൈലജ ദേവി.കെ (01.04.2015 മുതൽ 31.05.2015 വരെ)

ശ്രീ.തങ്കപ്പൻ.എ (അധിക ചുമതല)(01.06.2015 മുതൽ 27.07.2015 വരെ)

ശ്രീ.കെ.ബാബു (27.08.2015 മുതൽ 31.03.2016 വരെ)

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തങ്കപ്പൻ.എ | 01.04.15 – 15.08.15 | കുഞ്ചുവീട്, ത്രാഞ്ചി ലൈൻ, പാങ്ങപ്പാറ, തിരുവനന്തപുരം-18 |
| | ശ്രീ.ലാൽസിംഗ് | 19.08.15 – 23.09.15 | പ്രിയ ഭവൻ, പുതുച്ചിയിൽ, കടപ്പനക്കുന്ന്, തിരുവനന്തപുരം |
| | ശ്രീ.ഇസ്മായിൽ കുഞ്ഞ് | 23.09.15 – | ചേരിയിൽ വീട്, |

| | | | |
|---|---|---|---|
| | | 31.03.16 | പാച്ചിറ,<br>പള്ളിപ്പുറം പി.ഒ |
| വി.ഇ.ഒ | ശ്രീ.ഡോൺ.എസ്.എ | 01.04.15 – 15.09.15 | വിശ്വാസ്, പാപ്പനംകോട്, തിരുവനന്തപുരം |
| | ശ്രീമതി.ഷൈനി റിച്ചാർഡ് | 01.04.15 – 15.09.15 | തുഷാര, നിരാഴി ലെയിൻ, ഉള്ളൂർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| | ശ്രീ.മുഹമ്മദ് ഷിജാർ | 16.09.15 – 31.03.16 | സജീർ മൻസിൽ,<br>അണ്ടൂർക്കോണം പി.ഒ |
| വെറ്റിനറി സർജൻ | ശ്രീ.ദീപു.ബി.എസ് | 01.04.15 – 11.03.16 | അലൈന, ചാത്തംപാട് കൊഞ്ചിറ പി.ഒ, വെമ്പായം |
| | ശ്രീമതി.അനില | 12.03.16 – 31.03.16 | പ്ലാവിള വീട്,<br>കൈലാത്തുകോണം, കുറക്കട |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രമ്യ.ജെ.എം | 01.04.15 – 18.06.15 | പൗർണ്ണമി ബാങ്ക് കോളനി, ആൽത്തറ നഗർ, പാപ്പനം കോട് |
| | ശ്രീ.സന്തോഷ് കുമാർ കെ.വി | 04.07.15 – 31.03.16 | ശ്രീവത്സം, ഇറുവേലി,<br>പനവൂർ പി.ഒ, നെടുമങ്ങാട് |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശ്യാമകൃഷ്ണൻ | 01.04.15 – 12.07.15 | ഇന്ദുകാന്തം, ബാപ്പുജി നഗർ,<br>221 ബി, പോങ്ങുംമൂട്, തിരുവനന്തപുരം |
| | ഡോ.എ.കെ.മിനി | 13.07.15 – 31.03.16 | ത്രയംബകം, വട്ടവിള ജംഗ്ഷൻ, പൗഡിക്കോണം പി.ഒ |
| അഗ്രി. ഓഫീസർ | ശ്രീമതി.രജനി മറിയാമ തോമസ് | 01.04.15 – 31.05.15 | ബെഥ് കൈലാത്ത്, മോസ്ക്ക് ലെയിൻ, കേശവദാസപുരം, പട്ടം |
| | ശ്രീ.സലാഹുദീൻ | 01.06.15 – 31.03.16 | മഹാരാജ ഗാർഡൻ, കവടിയാർ പി.ഒ, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീമതി.അഫിന എം താഹ | 01.04.15 – 31.03.16 | സോലിഹ മൻസിൽ, കല്ലുവെട്ടി, മഞ്ഞമല, മഞ്ഞമല പി.ഒ – 13 |
| ഐ.സി.ഡി. എസ്.സൂപ്പർ വൈസർ | ശ്രിമതി.സുമംഗലാ ദേവി | 01.04.15 – 10.11.15 | തുണ്ടുവിളാകത്തു വീട്, പന്തലക്കോട് പോത്തൻകോട് |
| | കുമാരി കല | 10.11.15 – 31.03.16 | |
| മെഡിൽ ഓഫീസർ ഹോമിയോ | ഡോ.ലക്ഷ്മി വി.ആർ | 01.04.15 – 31.03.16 | ശാരദാ ഭവൻ, റ്റി.സി 1837/റ്റി.ഇ.എൻ.ആർ.എ-136, തൈക്കാട് |

| | | | |
|---|---|---|---|
| | | | പി.ഒ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഹമീന ബീഗം | 01.06.15 – 31.03.16 | |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കണം. | 2.1 | |

| | | | |
|---|---|---|---|
| 13 | പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 2.2 | |
| 14 | മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2.3 | |
| 15 | ഇ -ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല - നടപടികൾ ത്വരിതപ്പെടുത്തണം | 2.4 | |
| 16 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന – അപാകതകൾ പരിഹരിക്കണം | 2.5 | |
| | ഭാഗം - 3 | | |
| 17 | മറ്റത്തുകോണം - ചുണ്ടവിള റോഡ് സൈഡ് വാൾ നിർമ്മാണം - അളവിലെ കുറവ് - തുക 10,291/- രൂപ നിരാകരിക്കുന്നു. | 3.1 | |
| 18 | മൈപ്പറമ്പ് റോഡ് ഐറിഷ് ഡ്രയിൻ നിർമ്മാണം - എസ്റ്റിമേറ്റ് അളവിൽ ബിൽ പരിമിതപ്പെടുത്തിയില്ല – തുക 33,852/- രൂപ നിരാകരിക്കുന്നു. | 3.2 | |
| 19 | വേട്ടമ്പള്ളിക്കോണം നീന്തൽക്കുളം ഡ്രസ്സിംഗ് റൂം പൂർത്തീകരണം രണ്ടാം ഘട്ടം റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം - തുക 23,791/- രൂപ നിരാകരിക്കുന്നു | 3.3 | |
| 20 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണം - മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു | 3.4 | |
| 21 | പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് ഓട്ടോറിക്ഷാ വാങ്ങൽ- അനധികൃതമായി പദ്ധതി തുക പിൻവലിച്ചു. | 3.5 | |
| 22 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3.6 | |
| 23 | ബി.പി.എൽ കാർഡുടമകൾക്ക് ഇൻസെന്റീവ് വിതരണം പൂർത്തിയാക്കിയിട്ടില്ല. | 3.7 | |
| 24 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - | 3.8 | |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ പാലിച്ചില്ല. | | |
| 25 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.9 | |
| 26 | പഞ്ചായത്ത് - വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.10 | |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ-മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3.11 | |
| 28 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - അവലോകനം | 3.12 | |
| 29 | തെരുവു നായകളുടെ നിയന്ത്രണം - സത്വര നടപടികൾ സ്വീകരിക്കണം | 3.13 | |
| 30 | തെരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ചെലവഴിച്ച തുക പൂർണ്ണമായും തിരികെ ലഭ്യമാക്കിയിട്ടില്ല | 3.14 | |
| 31 | കാരുണ്യ സ്പെഷ്യൽ സ്കൂൾ - അടിസ്ഥാന സൗകര്യവികസനത്തിന് സത്വര നടപടി സ്വീകരിക്കണം. | 3.15 | |
| 32 | മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല. | 3.16 | |
| 33 | പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. | 3.17 | |
| | ഭാഗം - 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 31.03.2015 തീയതിയിലെ I-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കി യിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.11.2016 | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36005281 |
| വരവ് | 55041194 |
| ആകെ | 91046475 |
| ചെലവ് | 74073025 |
| നീക്കിയിരിപ്പ് | 16973450 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2135620 | 2013619 | 4149239 | 1707930 | 2441309 | 41 |
| വികസനഫണ്ട് എസ്.സി.പി. | 3673545 | 6333218 | 10006763 | 10006763 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 45000 | 45000 | 450000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4120388 | 6688793 | 10809181 | 10809181 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1198969 | 2099394 | 3298363 | 3298363 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4176787 | 8061279 | 12238066 | 12238066 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3787215 | 2915353 | 6702568 | 6702568 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 73465 | 31785330 | 31858795 | 31842923 | 15872 | 100 |
| ബി ഫണ്ട് | 0 | 33350162 | 33350162 | 33350162 | 0 | 100 |
| ജനറൽ | 8365975 | 8428975 | 16794950 | 12777209 | 4017741 | 76 |
| മറ്റു വരവുകൾ | 6821327 | 12214370 | 19035697 | 9631765 | 9403932 | 51 |
| ഐ.സി.ഡി.എസ് | 261307 | 171640 | 432947 | 432947 | 0 | 100 |
| വെള്ളപ്പൊക്ക ദുരിതാശ്വാസഗ്രാന്റ് | 0 | 943231 | 943231 | 943231 | 0 | 100 |
| ടി.എസ്.സി | 745821 | 720775 | 1466596 | 372000 | 1094596 | 25 |
| ആകെ | 35360419 | 115771139 | 150977708 | 134158108 | 16973450 | 89 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 72412081 | 147 | 57046629 | 16 | 30 | 80 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.14.74% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 6174534 | 5269811 | -904723 |
| നികുതിയേതര വരവുകൾ | 1777301 | 2650164 | 872863 |
| മറ്റുവരവുകൾ | 1337696 | 0 | -1337696 |
| ആകെ | 9289531 | 7919975 | -1369556 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 718920 | 672 |
| കർഷകതൊഴിലാളി പെൻഷൻ | 4521600 | 5171 |
| വിധവാപെൻഷൻ | 12561600 | 9463 |
| വാർദ്ധക്യകാലപെൻഷൻ | 13749000 | 13768 |
| വികലാംഗപെൻഷൻ | 3788500 | 2051 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 370000 | 203 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 351200 | 9 |
| മറ്റുള്ളവ | 6000 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,880/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് രേഖകൾ, രജിസ്റ്ററുകൾ ഫയലുകൾ എന്നിവയുടെ പരിപാലനം തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റൽ ഫോർമാറ്റിൽ പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുവേ തൃപ്തികരമാണ്.

ഭിന്ന ശേഷിക്കാരായ കുട്ടികളുടെ വികസനത്തിനായി പഞ്ചായത്ത് നടപ്പിലാക്കിയ കാരുണ്യ സ്പെഷ്യൽ സ്കൂൾ മാതൃകാപരമായ ഒരു ചുവടുവെയ്പാണ്. എന്നാൽ, സ്ഥല പരിമിതി മൂലം അന്തേവാസികൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ല. ഇതിനായി ഗവൺമെന്റിന്റെ സത്വര ശ്രദ്ധ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം , പൊതു ജനാരോഗ്യം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 | 01.09.2016 മുതൽ 30.09.2016 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.04.2015 08.05.2015 | 2010 – 11 മുതൽ 2014 – 15 വരെ | 14.07.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് | ഈടാക്കേണ്ട ആകെ തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |

| | | | |
|---|---|---|---|
| 2 | മുത്തൂറ്റ് മെർക്കാന്റൈൽ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം | 1250 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് II ബ്രാഞ്ച് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 5 | കൊശമറ്റം ഫിനാൻസ് | ഒന്നാം അർദ്ധ വർഷം | 1250 |
| 6 | ആലുക്കാസ്,<br>കസ്റ്റമർ സർവ്വീസ് സെന്റർ | ഒന്നാം അർദ്ധ വർഷം | 1250 |
| 7 | കേരള ഗ്രാമീൺ ബാങ്ക് | ഒന്നാം അർദ്ധ വർഷം | 1250 |
| 8 | കാരുണ്യ ഹോസ്പിറ്റൽ | ഒന്നാം അർദ്ധ വർഷം | 1250 |
| 9 | തോന്നയ്ക്കൽ സർവ്വീസ്<br>കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധ വർഷം | 1250 |
| 10 | ഐ.സി.ഐ.സി.ഐ ബാങ്ക് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 11 | 3 എഫ് ഇൻഡസ്ട്രീസ്,<br>ശാന്തിപുരം, ആയിരൂർപാറ. | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 12 | ഹോട്ടൽ സിറ്റി ലൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 13 | എ.ആർ. പോളിമേഴ്സ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 14 | കമല ഫ്യുവൽസ് | രണ്ടാം അർദ്ധ വർഷം | 1250 |
| ആകെ തുക | | | 26,250 |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 13 അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തദ്ദേശ സ്വയം

ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുന്നതിനും അധികാരമുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 18/തീയതി 16.11. 2016).

| ക്രമ നം | സ്ഥാപനങ്ങൾ | എണ്ണം | സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുക |
|---|---|---|---|
| 1 | കൺസ്യൂമർഫെഡ് | 1 | ഈടാക്കിയിട്ടില്ല |
| 2 | റേഷൻ കടകൾ | 15 | ഈടാക്കിയിട്ടില്ല |
| 3 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 5 | ഈടാക്കിയിട്ടില്ല |
| 4 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 2 | 1200 |
| 5 | പെട്രോൾ പമ്പുകൾ | 3 | 2500 |
| 6 | വിദേശ മദ്യഷാപ്പുകൾ | 1 | 2500 |
| 7 | കരാറുകാർ | 10 | ഈടാക്കിയിട്ടില്ല |
| 8 | അഭിഭാഷക്ര | വിവരം ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 9 | സ്വകാര്യ ഡോക്ടർമാർ | വിവരം ലഭ്യമല്ല | ഈടാക്കിയിട്ടില്ല |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും, വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്.

2015-16 സാമ്പത്തിക വർഷം പരസ്യ നികുതി ഡിമാന്റ് ചെയ്യുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 21ന് മറുപടിയായി പരസ്യ നികുതി ബൈലോ പാസ്സാക്കിയിട്ടില്ല എന്നും പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലത്തിൽ നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യ നികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ ആകെ 8 മൊബൈൽ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 33/തീയതി. 05.11.2016)

| ക്രമ നം | സർവ്വീസ് പ്രൊവൈഡറുടെ പേര് | വാർഡ് | എക്സ്റ്റന്റ് | അഡ്രസ്സ് | സർവേ നം. | പെർമിറ്റ് നം. |
|---|---|---|---|---|---|---|
| 1 | റിലയൻസ് ജിയോ ഇൻഫോകോം | മേലേവിള | 1.44 എം2 | അനില എൽ., അനില ഭവൻ, മേലേവിള, കാട്ടായിക്കോണം | 106/8-1 | |
| 2 | റിലയൻസ് ജിയോ ഇൻഫോകോം | മണ്ണറ | 1.52 എം2 | എ.എം. ബഷീർ, അബിഡ ഭവൻ, അണ്ടൂർക്കോണം | 23/18 | |
| 3 | റിലയൻസ് ജിയോ ഇൻഫോകോം | ഇടത്തറ | 1.44 എം4 | വിജയകുമാർ, ആയില്യം, ആര്യോട്ടുകോണം | 106/8-3 | |
| 4 | ബി.എസ്. എൻ.എൽ | പോത്തൻ കോട് ടൗൺ | | ഭാസ്കരൻ നായർ, പി.പി.6-1370, പോത്തൻകോട് | | |
| 5 | ബി.എസ്. എൻ.എൽ | വാവരമ്പലം | | വാവരമ്പലം, ശ്രീനാരായണപുരം | | |
| 6 | ബി.എസ്. എൻ.എൽ | മേലേവിള | | കുളപ്പാറ ക്വോറിക്ക് സമീപം | | |
| 7 | ബി.എസ്. എൻ.എൽ | അയിരൂർ പ്പാറ | | | | |
| 8 | ബി.എസ്. എൻ.എൽ | വേങ്ങോട് | | | | |

എന്നാൽ, തൻ വർഷം ഈ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 33/ തീയതി 05.11.2016 ന് ലഭ്യമാക്കിയ മറുപടിയിൽ 2016-17 സാമ്പത്തിക വർഷം മുതൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തര സ്വഭാവത്തോടെ കൈക്കൊള്ളേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല -നടപടികൾ

## ത്വരിതപ്പെടുത്തണം

പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവർത്തികൾ ഇ-ടെൻഡർ മുഖേന നടന്നിട്ടുണ്ട്. ഈ പ്രവൃത്തികളിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ടതായ ഫോറം വിലയും നികുതിയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റുവാൻ ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ നിന്ന് തുക ലഭ്യമാകുന്ന സമയത്ത് അസി.എഞ്ചിനീയർ പ്രവൃത്തികൾ ഫോറം വാങ്ങിയവരുടെ എണ്ണം തുടങ്ങിയവയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 2-5 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന – അപാകതകൾ പരിഹരിക്കണം

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ ഇനത്തിൽ രണ്ടു തവണയായി ലഭിച്ച 3,70,000/- രൂപയിൽ 1,90,000/-രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.
2. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രകാരം ലഭിച്ച വികലാംഗ പെൻഷൻ പദ്ധതി തുകയായ 37,88,500/-രൂപ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മറ്റത്തുകോണം - ചുണ്ടവിള റോഡ് സൈഡ് വാൾ നിർമ്മാണം -അളവിലെ കുറവ് - തുക 10,291/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ - S051/16

അടങ്കൽ തുക - 450000/-

എഗ്രിമെന്റ് നമ്പർ - 15/15-16/എ.ഇ/എൽ.എസ്.ജി.ഡി തീയതി 26.08.2015

ഡി.ഡി. നമ്പർ, തുക, തീയതി -028707, 419811/-, 30.12.2015

എം.ബുക്ക് നം. - 129/16

കൺവീനർ - തങ്കരാജൻ

ഫണ്ട് - തനത് ഫണ്ട്

ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഫയലുകളുടെ പരിശോധനയെ തുടർന്ന് നടത്തിയ സ്ഥല പരിശോധനയിൽ എം.ബുക്കിലെ അളവുകളുമായി പ്രവൃത്തി പൊരുത്തപ്പെടുന്നില്ല. സൈഡ്‌വാളിന്റെ ഉയരത്തിനനുസരിച്ച് ഈ പ്രവൃത്തിയിൽ രണ്ടു ലെവലുകളിൽ കമ്പി കെട്ടി 5 സെ.മീ കനത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഇനം എം.ബുക്കിൽ 10 സെ.മീ കനത്തിൽ ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ താഴെപറയുന്ന വിധം 10290.70 രൂപ നഷ്ടപ്പെടുത്തിയിട്ടുണ്ട്.

ഇനം 3

Providing & levelling in position specified grade of RCC

| എം.ബുക്കിലെ അളവ് | ചെയ്തിട്ടുള്ള അളവ് | കുറവ് | നിരക്ക് | നഷ്ടമായ തുക |
|---|---|---|---|---|
| 3.0 എം$^3$ | 1.56 എം$^3$ | 1.44 എം$^3$ | 6790.43 എം$^3$ | 9778.2 |

ഇനം 5

Centering & shutlering including propping etc and removal of foundation footing bases of columns etc for mass concrete.

| എം.ബുക്കിലെ അളവ് | ചെയ്തിട്ടുള്ള അളവ് | കുറവ് | നിരക്ക് | നഷ്ടമായ തുക |
|---|---|---|---|---|
| $5.0m^2$ | $2.9m^2$ | $2.1m^2$ | $244.05m^2$ | 512.51 |

രണ്ടിനങ്ങളിലായി അധികമായി ചെലവഴിച്ച ആകെ തുക 10,290.70 രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-2 മൈപ്പറമ്പ് റോഡ് ഐറിഷ് ഡ്രയിൻ നിർമ്മാണം - എസ്റ്റിമേറ്റ് അളവിൽ ബിൽ പരിമിതപ്പെടുത്തിയില്ല – തുക 33,852/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ - SO181/16

അടങ്കൽ തുക - 495000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശ്രീ.സന്തോഷ് കുമാർ.കെ.വി, അസി.എഞ്ചിനീയർ

കരാർ ഉടമ്പടി - 66/14-15/എ.ഇ/എൽ.എസ്.ജി.ഡി/പി.റ്റി.കെ.ഡി തീയതി 26.03.15

ഡി.ഡി തുക - 419671/-

ഡി.ഡി നം. - 153670

എം.ബുക്ക് നം. - 129/16

ഫണ്ട് - തനത് ഫണ്ട്

കൺവീനർ - ബാബു.

മൈലാപ്പറമ്പ് റോഡിൽ ഐറിഷ് ഡ്രയിൻ നിർമ്മാണം ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ഓരോ ഇനം പ്രവൃത്തിയുടെ ആകെ അളവിൽ പരിമിതപ്പെടുത്താതെയാണ് ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല. ഈ അപാകതകൾക്കുമേൽ ഓഡിറ്റ് എൻക്വയറി നം.40 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്തിട്ടുള്ള പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ തയ്യാറാക്കി തുക ഗുണഭോക്തൃ സമിതിയ്ക്ക് നൽകിയതു മൂലം താഴെപ്പറയുന്ന നഷ്ടമുണ്ടായി.

ഇനം-2

Providing and laying in position cement concrete of 1:4:8 excluding the cost of centering and shuttering – all work up to plinth level.

എസ്റ്റിമേറ്റിലെ അളവ് - 45.1 എം$^3$

ബില്ലിലെ അളവ് - 49.75 എം$^3$

അധിക അളവ് - 4.65 എം$^3$

നിരക്ക് - 4704.73/എം$^3$

അധികമായി നൽകിയ തുക - 21877/-

ഇനം-3

Cement concrete pavement with 1:2:4 including finishing complete.

എസ്റ്റിമേറ്റിലെ അളവ് - 23.0 എം$^3$

ബില്ലിലെ അളവ് - 24.88 എം$^3$

അധിക അളവ് - 1.88 എം$^3$

നിരക്ക് - 6226.32/എം$^3$

അധികമായി നൽകിയ തുക - 11705/-

രണ്ടിനങ്ങളിലായി ആകെ 33,582 (21877+11705) രൂപ ഈ പ്രവൃത്തിയിൽ അധികമായി നൽകിയിട്ടുണ്ട്. ആകയാൽ 33,852/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 വേട്ടമ്പള്ളിക്കോണം നീന്തൽക്കുളം ഡ്രസ്സിംഗ് റൂം പൂർത്തീകരണം രണ്ടാം ഘട്ടം റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം – തുക 23,791/-

## രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - വേട്ടമ്പള്ളിക്കോണം നീന്തൽക്കുളം ഡ്രസ്സിംഗ് റൂം പൂർത്തീകരണം രണ്ടാം ഘട്ടം

പ്രോജക്ട് നം. - S0125/16

ഡി.പി.സി അനുമതി - 385/15 16/ഡി.പി.സി/ഡി.പി.ഒ/തിരുവനന്തപുരം തീയതി 25.05.15

അടങ്കൽ തുക - 400000/-

എം.ബുക്ക് - 308/15-16

കൺവീനർ - മുഹമ്മദ് യൂസഫ്

ഫണ്ട് - ലോക ബാങ്ക്

S0125/16 എന്ന പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ ഫയലുകളും പരിശോധിക്കുകയും തുടർന്ന് 19.11.2016-ൽ സംയുക്ത ഭൗതിക പരിശോധനയും നടത്തുകയും ചെയ്തു. ഈ ഭൗതിക പരിശോധനയിൽ വേട്ടമ്പള്ളിക്കോണം നീന്തൽക്കുളം ഡ്രസ്സിംഗ് റൂം പൂർത്തീകരണം രണ്ടാം ഘട്ടം റൂഫിംഗിനായി (ഇനം 12) ഉപയോഗിച്ചിട്ടുള്ള ഷീറ്റിന്റെ കനത്തിൽ (0.50 എം.എം-ന പകരം 0.35എം.എം) കുറവുള്ളതായി ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം ടി പ്രവൃത്തിയിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഇനം നമ്പർ | പ്രവൃത്തിയുടെ ഡി.എസ്.ആർ കോഡ് | ചെയ്ത പ്രവൃത്തിയുടെ അളവ് | നിരക്ക് | ആകെ |
|---|---|---|---|---|
| 12 | 12.50 | 73 എം$^2$ | 772.71/എം$^2$ | 56407.83 |

ചെയ്ത പ്രവൃത്തിയ്ക്ക് ഡി.എസ്.ആർ-ൽ നിരക്ക് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് 446.81 രൂപ നിരക്കിൽ നഷ്ടം കണക്കാക്കുന്നു. വിശദവിരങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Quantity | Rate | Amount |
|---|---|---|---|
| Precoated galvanised iron profile sheet 0.35 mm TCT | 233.650 | 224 | 52337.6 |
| Carriage of sheets | 104 | 1.78 | 185.12 |
| Galvanised steel hook 8 mm dia | 476 | 120 | 5712 |
| Bitumin washer | 476 | 30 | 142.80 |
| GI Plain washer thick | 476 | 35 | 166.60 |
| Carriage of bolt and nuts | 8.060 | 1.78 | 14.35 |
| Sundries | 39.520 | 1.78 | 70.35 |
| Mistry | 2.340 | 435 | 1017.90 |
| Carpenter | 9.340 | 399 | 3726.66 |
| Beldar | 9.340 | 329 | 3072.86 |
| Water charge | | | 1157.46 |
| Total | | | 67603.7 |

Cost of 216.14 m$^2$ = 67603.7

Cost of 1 m$^2$ = 312.78

Add cost of index = 312.78 x 1.4285 = 446.81

Quantity of work done = 73 m$^2$

ആകെ ചെലവായ തുക = 446.81 x 73 = 32617.13

ആയതിനാൽ അനുവദനീയമായ 32617.13 തുക കഴിഞ്ഞുള്ള 23,790.70/- രൂപ നിരാകരിക്കുന്നു.

## 3-4 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണം – മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതി നമ്പർ | 59/2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |
| ഈടാക്കേണ്ട തുക | 85,000/- രൂപ |

2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി നമ്പർ 59/2016 പ്രകാരം പട്ടിക ജാതി വിഭാഗത്തിൽ പെട്ട 17 ഗുണഭോക്താക്കൾക്ക് 22,000/- രൂപ വീതം ആകെ 3,74,000/- രൂപ നൽകിയിട്ടുണ്ട്.

ജി.ഒ.(എം.എസ്)362/2013.ത.സ്വ.ഭ.വ.16.11.2013 പ്രകാരം ഇടനാട് പ്രദേശത്ത് പുതിയ കിണർ നിർമ്മിക്കാനായി 17,000/- രൂപയാണ് പരമാവധി നൽകാവുന്നത്. എന്നാൽ, പോത്തൻകോട് പഞ്ചായത്ത് ഇടനാട് വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ്. ഗുണഭോക്താക്കൾക്ക് ഇപ്രകാരം അധിക നിരക്ക് നൽകിയതിനാൽ 85,000/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27) നൽകിയ മറുപടിയിൽ പ്രസ്തുത പ്രദേശത്തെ ഭൂപ്രകൃതിയിലുള്ള വ്യതിയാനവും കളിമൺ ഖനനവും കാരണം കിണറുകൾ വളരെ ആഴത്തിൽ കുഴിക്കേണ്ട സാഹചര്യം പരിഗണിച്ചാണ് തുക നൽകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് സബ്സിഡി തുക അധികമായി നൽകേണ്ടി വരുന്ന സാഹചര്യത്തിൽ കമ്മിറ്റി തീരുമാനത്തിന് പുറമേ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-5 പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതി തുക പിൻവലിച്ച് വ്യക്തിഗത അക്കൗണ്ടിൽ സൂക്ഷിച്ചു

പദ്ധതി നമ്പർ S0 85/ 2016 പ്രകാരം പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 24 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി. ഈ ലിസ്റ്റിൽ നിന്നും ശ്രീ.ഉല്ലാസ് എന്ന വ്യക്തിയ്ക്ക് നൽകുവാനായി സബ്സിഡിയായി 50,000/- രൂപ ബാങ്കിന് നൽകിയെങ്കിലും (ചെക്ക് നമ്പർ 27285/17.09.2015) ടിയാൻ ഓട്ടോറിക്ഷ വാങ്ങാത്തതിനാൽ ബാങ്കിൽ നിന്നും 17.02.2016-ൽ തുക തിരികെ ലഭ്യമാക്കി. ഡെപ്പോസിറ്റ് തുക കെട്ടിവെയ്ക്കാത്തതു കൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാ തിരുന്നത് എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 33/2016-ന് മറുപടിയായി നൽകിയിരി ക്കുന്നത്. ബാക്ക് എൻഡ് സബ്സിഡിയായി നൽകേണ്ട തുക ഗുണഭോക്താവ് ഓട്ടോറിക്ഷ വാങ്ങി ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനു മുമ്പായി തുക പിൻവലിച്ച് ബാങ്കിന് നൽകിയത് ക്രമ പ്രകാരമല്ല.

24 ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ആരും തന്നെ ഡെപ്പോസിറ്റ് തുക കെട്ടി വെയ്ക്കാൻ തയ്യാറാവാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. പദ്ധതിയും ഗുണഭോക്താക്കളേയും തെരഞ്ഞെടുക്കുമ്പോൾ അവധാനത യോടെയുള്ള സമീപനം അനിവാര്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-6 പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ SO 113/ 16-ാം നമ്പർ പ്രവൃത്തിയായി "പഞ്ചായത്ത് ഓഫീസ് ഒന്നാം നില വയറിംഗ് "ഗുണഭോക്തൃ സമിതി മുഖേന 4,43,436/- രൂപ ചെലവാക്കി നടത്തിയിട്ടുണ്ട്. 13.11.2014-ലെ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവർത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തരം നടപ്പിലാക്കുന്നതു ഉചിതമല്ലെന്നും ഇത് ഇലക്ട്രിക്കൽ

ഇൻസ്പെക്ടറേറ്റ് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖാന്തരം നടപ്പിലാക്കണ മെന്നും നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവർത്തികൾ പഞ്ചായത്തിൽ നടപ്പിലാക്കുമ്പോൾ ഇത്തരം നിർദ്ദേശങ്ങൾ ക്രശനമായി പാലിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-7 ബി.പി.എൽ കാർഡുടമകൾക്ക് ഇൻസെന്റീവ് വിതരണം പൂർത്തിയാക്കിയിട്ടില്ല

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയുള്ള ബി.പി.എൽ കാർഡ് ഉടമസ്ഥർക്ക് കാർഡൊന്നിന് 150/- രൂപ ഇൻസെന്റീവ് ആയി നൽകുന്നതിന് 1,35,150/- രൂപ 20.10.201-ൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതാണ്. ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ B4 ഷെഡ്യൂളിൽ ഈ തുക ചെലവാക്കാതെ നീക്കി വെച്ചിരിക്കുന്നു.

ഇൻസെന്റീവ് വിതരണത്തെപ്പറ്റിയുള്ള ഓഡിറ്റ് എൻക്വയറി 37-ന് മറുപടിയായി 2016-17-ൽ വിതരണം നടത്തുന്നതിനായി അക്ഷയ കേന്ദ്രത്തിന്റെ നോഡൽ ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഇൻസെന്റീവ് വിതരണം അടിയന്തരമായി പൂർത്തിയാക്കി ബാക്കി വരുന്ന തുക ബഹു.ജില്ലാ കളക്ടർക്ക് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - മാനദണ്ഡങ്ങൾ പാലിച്ചില്ല

2015-16 സാമ്പത്തിക വർഷത്തിൽ, പദ്ധതി നമ്പർ 141/2016 പ്രകാരം പട്ടിക ജാതി വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി അനുസരിച്ച് കെൽട്രോണിൽ നിന്നും 44,000/-രൂപയുടെ ഡെൽ കമ്പനിയുടെ ലാപ്ടോപ്പ് വാങ്ങി നൽകുവാൻ 21.03.2016 ലെ IV(3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് 20 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് പർച്ചേസ് ചെയ്ത വകയിൽ 44,000/- രൂപ വീതം ആകെ 8,80,000/- ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയപ്പോൾ ആവശ്യമായ സ്പെസിഫി ക്കേഷൻ സൂചിപ്പിക്കാതെ ഡെൽ എന്ന കമ്പനിയുടെ പേര് മാത്രം പരാമർശിച്ച് കൊണ്ടാണ് ഓർഡർ നൽകിയിരിക്കുന്നത്. ഇത് സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമാണ്.
2. ജി.ഒ.(എം.എസ്) 168/2007 തസ്വഭവ തീയതി 25.06.2007 പ്രകാരം ഡി.ജി.എസ് & ഡി-യുടെ അംഗീകാരമുള്ള വെണ്ടർമാരിൽ നിന്നോ ഐ.ടി വകുപ്പിന്റെ ടി.എസ്.പി (ടോട്ടൽ സർവ്വീസ് പ്രൊവൈഡർ) വെണ്ടർമാരിൽ നിന്നോ ലാപ് ടോപ്പ് വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചില്ല.
3. ജി.ഒ.(എം.എസ്) 1/2006 എസ്.പി.ഡി തീയതി 02.02.2006 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടറുകൾ വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്ത കമ്പ്യൂട്ടറുകൾക്ക് ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50% ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡുകൾ ആണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. ഈ നിർദ്ദേശവും പാലിച്ചിട്ടില്ല.

കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ പഞ്ചായത്ത് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2015-16 സാമ്പത്തിക വർഷം 17,38,716/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഉപഭോഗം സംബന്ധിച്ച് മീറ്റർ സ്ഥാപിക്കുകയോ മറ്റ് രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

കെ.എസ്.സി.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണവും

യഥാർത്ഥ ഉപഭോഗവും കണക്കാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പഞ്ചായത്ത് -വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 2015-16 വ്യഷത്തിൽ 1,74,758/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ, വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഉപയോഗ യോഗ്യമായ പൈപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിൽ വാട്ടർ അതോറിറ്റി നൽകുന്ന ബില്ലനുസരിച്ചാണ് പഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നത്. അതിനാൽ യഥാർത്ഥ ജല ഉപഭോഗത്തിന്റെ ചെലവ് കണക്കാക്കുന്നതിന് കഴിയുന്നില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഉപയോഗയോഗ്യമായ പൈപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. യഥാർത്ഥ ജല ഉപഭോഗത്തിന്റെ ചെലവ് കണക്കാ ക്കുന്നതിന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

*എ) രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല*

2015-16 സാമ്പത്തിക വർഷം ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ചതും അനുവദിച്ചതും നിരസിച്ചതുമായ അപേക്ഷകളെ സംബന്ധിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
2. ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ ക്രമനമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.
3. അപേക്ഷകൾ തീർപ്പാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല. (ഉദാഹരണമായി-കർഷക തൊഴിലാളി പെൻഷൻ 45 ദിവസം, വികലാംഗ പെൻഷൻ 60 ദിവസം.)
4. പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനായി കൈമാറുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നില്ല.

ക്ഷേമ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ പുറപ്പെടുവി ച്ചിട്ടുള്ള ഉത്തരവുകളും ചട്ടങ്ങളും (1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ, കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ) നിർദ്ദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കു വാനും, അപേക്ഷകന്റെ തീയതി, പൂർണ്ണമായ മേൽ വിലാസം, അപേക്ഷ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, തിരികെ ലഭിച്ച തീയതി, അപേക്ഷ യിൻമേൽ എടുത്ത തീരുമാനം, മറ്റു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററുകളും മറ്റു രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുവാൻ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയേയും സാമൂഹ്യ ശാക്തീകരണത്തേയും ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു നവീനമായ ചുവടുവെയ്പ്പാണ്. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ആസ്തികളുടെ രൂപീകരണം, ഗ്രാമീണ ദരിദ്രരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യങ്ങൾ.
2015-16 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4751 |

| | | |
|---|---|---|
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4751 |
| 3 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 304 |
| 4 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 304 |
| 5 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2,901 |
| 6 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2,901 |
| 7 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 161 |
| 8 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | 5 |
| 9 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ജൂൺ |
| 10 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

ഭൂവികസനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പട്ടിക ജാതി - പട്ടിക വ്രുഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, വരൾച്ച തടയ്യല്, വനവൽക്കരണം എന്നീ വിഭാഗങ്ങളിലാണ് തൻ വർഷം 304 പദ്ധതികൾ നിർവഹണം നടത്തിയത്. മണ്ണ്-ജല സംരക്ഷണം, ചെറുകിട ജലസേചനം തുടങ്ങിയ വിഭാഗങ്ങളിൽ പദ്ധതി രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

മണ്ണ്-ജലസംരക്ഷണം, വരൾച്ച തടയൽ,വനവത്കരണം, ചെറുകിട ജലസേചനം, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം ഭൂവികസനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാ ക്രമം. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കികൊണ്ട് പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ ഘടനയും പ്രാധാന്യവും ഉൾക്കൊണ്ട് വിവിധ വിഭാഗങ്ങളിലായി പദ്ധതികൾ രൂപീകരിക്കുകയും നടപ്പിൽ വരുത്തേണ്ടതുമാണ്. കൂടാതെ, കാലാവസ്ഥ മാറ്റങ്ങളെ പ്രതിരോധിക്കുന്നതിനും തനത് പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതിനുമായി സർക്കുലർ നമ്പർ 8827/ഡിഡി.2 /13/LSGD തീയതി.13.12.2013 പ്രകാരമുള്ള നിർദ്ദേശ ങ്ങൾ അടിസ്ഥാനമാക്കി വരൾച്ച തടയൽ പദ്ധതികൾ ആവിഷ്കരിക്കാനും സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-13 തെരുവു നായകളുടെ നിയന്ത്രണം-സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

ജി.ഒ.(ആർ.ടി.)2840/2015 തീയതി 17.09.2015-ലെ നിർദ്ദേശങ്ങൾ; കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 166 എന്നിവ പ്രകാരം 2015-16 സാമ്പത്തിക വർഷം തെരുവു നായകളുടെ നിയന്ത്രണത്തിനായി പഞ്ചായത്ത് നടപടികൾ ഒന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 31/തീയതി 17.11.2016– ന് മറുപടിയായി തൻവ്രുഷം Animal Birth Control for Stray Dogs നായി 1,00,000/-രൂപ അടങ്കൽ തുകയായി വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും, എന്നാൽ വെറ്ററിനറി ഹോസ്പിറ്റലിൽ നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യ രംഗത്ത് പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ്

## 3-14 തെരഞ്ഞെടുപ്പ് കമ്മീഷന് ചെലവഴിച്ച തുക പൂർണ്ണമായും തിരികെ ലഭ്യമാക്കിയിട്ടില്ല

2015 -ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനോടനു ബന്ധിച്ച് പോത്തൻകോട് പഞ്ചായത്തിൽ വെച്ച് നടന്ന Multi Purpose Voting Machine ഉപയോഗിച്ച് കൊണ്ടുള്ള പരിശീലനത്തിനായി 56,333/- രൂപ 12.08.2015 തീയതിയിൽ പഞ്ചായത്ത് ചെലവഴിച്ചു.

ജില്ലാ കളക്ടറുടെ 26.08.2015-ലെ E2/44/786/2015 നമ്പർ ഉത്തരവ് പ്രകാരം ഈ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ആയതിൽ 40,000/-രൂപ 26.08.2015-ൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ബാക്കി തുക 16,333/- രൂപ നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല, എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 32-ന് മറുപടി നൽകിയിട്ടുണ്ട്. ഈ തുക ലഭ്യമാക്കാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 കാരുണ്യ സ്പെഷ്യൽ സ്കൂൾ - അടിസ്ഥാന സൗകര്യ വികസനത്തിന് സത്വര നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാനസികവും ശാരിരീകവുമായ വികാസത്തിനായി രൂപീകരിച്ച സാമൂഹ്യ സുരക്ഷാ സ്ഥാപനമാണ് കാരുണ്യ സ്പെഷ്യൽ സ്കൂൾ. ഗ്രാമപഞ്ചായത്തിലെ പുലിവീട് വാർഡിൽ സ്ഥിതി ചെയ്യുന്ന കാരുണ്യ സ്പെഷ്യൽ സ്കൂൾ 1998-ൽ സ്ഥാപിച്ചു.






ഭിന്നശേഷിയുള്ളവ്രക്ക് പ്രധാന ആശ്രയമായി പ്രവർത്തിക്കുന്ന ഈ സ്ഥാപന ത്തിൽ പഞ്ചായത്ത് പരിധിയിൽ നിന്നുള്ള 30 പേരും സമീപ പഞ്ചായത്തുകളിൽ നിന്നുള്ള 6 പേരും ഉൾപ്പെടെ ആകെ 36 പേർ നിലവിൽ അന്തേവാസികളായുണ്ട്. ഏഴ മുതൽ 42 വയസു വരെ പ്രായപരിധിയിൽ ഉൾപ്പെട്ടവരാണ് ഈ സ്കൂളിലെ അന്തേവാസികൾ.

കാരുണ്യ സ്പെഷ്യൽ സ്കൂളിൽ 19.11.2016 തീയതിയിൽ ഓഡിറ്റ് വിഭാഗം സ്ഥല പരിശോധന നടത്തി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്കൂളിന് വാഹന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലെ ഭരണസമിതി വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നുണ്ട്.

എന്നാൽ, 36 പേർക്കായുള്ള ക്ലാസ് മുറിയുടെ വലിപ്പം 120 ചതുരശ്രമീറ്ററിന് താഴെയാണെന്നതും കളിസ്ഥലം ഇല്ലാത്തതും നിലവിൽ ഈ സ്ഥാപനത്തെ ആശ്രയിക്കുന്നവരുടെ മാനസികമായ വളർച്ചയ്ക്ക് തടസ്സമായ ഘടകങ്ങളാണ്. കൂടുതൽ വിസ്തൃതിയിലേയ്ക്ക് സ്കൂൾ മാറ്റുന്നതിന് സ്ഥല ലഭ്യത ഉറപ്പാക്കാനായി പഞ്ചായത്ത് ഭരണസമിതി സർക്കാർ തലത്തിൽ ശ്രമങ്ങൾ നടത്തുന്നു.

ഇത്തരം ഇടപെടലുകൾ ത്വരിതപ്പെടുത്തി സർക്കാരിന്റെ സഹായത്തോടെ സമീപ ഭാവിയിൽ "കാരുണ്യ സ്പെഷ്യൽ സ്കൂൾ" കൂടുതൽ സൗകര്യത്തോടെ പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കണം.

## 3-16 മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

2015-16 സാമ്പത്തിക വ്രഷം മെഡിക്കൽ ഓഫീസ്ര നിർവ്വഹിച്ച പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. വകുപ്പിൽ നിന്നും മരുന്നുകൾ ലഭ്യമല്ലാത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
2. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷം കൃഷിഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി, വാഴകൃഷി, സമഗ്ര പുരയിട കൃഷി എന്നീ വിവിധ പ്രോജക്ടുകളിലായി 1,91,450/-രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു. എന്നാൽ ഒരു പ്രോജക്ടിലും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (ഐ.സി.ഡി. എസ്) | 2015-16 | 171640 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 71640 |
| റ്റി.എസ്.സി | 2015-16 | 720775 | സാനിറ്റേഷൻ യൂണിറ്റ് നിർമ്മാണം | 372000 | 348775 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം. എസ് ഭവന പദ്ധതി - മുതൽ തിരിച്ചടവ് | ജി.ഒ (എം. എസ്)207/09/ ത.സ്വ.ഭ.വ തീയതി 07.09.2009 | 14802000 | 7401000 | 2960400 | 0 | 4440600 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 5.2.4.9 | 2013-14 | | അയിരൂർപ്പാറ ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ കളിസ്ഥലം ഉപയോഗയുക്ത മാക്കുന്നത്. | പ്രസ്തുത കളിസ്ഥലം ഉപയോഗയുക്തമാക്കിയിട്ടുണ്ട്.അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്ന താണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 117392877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 135779846 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 26250 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 67934 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 26,250 | - | ശ്രീ.കെ.ബാബു. സെക്രട്ടറി |
| 3.1 | - | 10,291 | ശ്രീ.സന്തോഷ് കുമാർ കെ.വി, അസ്സിസ്റ്റന്റ് എൻജിനീയർ |
| 3.2 | - | 33,852 | |
| 3.3 | - | 23,791 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ബാബു. സെക്രട്ടറി | സെക്രട്ടറി, പോത്തൻകോട് ഗ്രാമ പഞ്ചായത്ത്. | - |
| ശ്രീ.സന്തോഷ് കുമാർ കെ.വി, അസ്സിസ്റ്റന്റ് എൻജിനീയർ | അസ്സിസ്റ്റന്റ് എൻജിനീയർ, പോത്തൻകോട് ഗ്രാമ പഞ്ചായത്ത്. | ശ്രീവത്സം, തുറുവേലി, പനവൂർ പി.ഒ, നെടുമങ്ങാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡിക<br>കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി.ജി.പി7/486/2000തീ. 02.07.2014 | 3 |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/437/2002 തീ. 02.07.2014 | 4 |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/438/2002തീ.02.07.2014 | 1 |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/787/02തീ.02.07.2014 | 2 |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/122/03 തീ.02.07.2014 | 4 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/923/03 തീ.02.07.2014 | 8 |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1481/04തീ.2.7.2014 | 1 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1896/06തീ.02.07.2014 | 5 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1897/06 തീ.02.7.2014 | 8 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1135/08/തീ.02.07.2014 | 1 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1869/08തീ.09.12.2011 | 18 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/880/2013തീ.06.07.2013 | 17 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2273/11തീ.28.11.2013 | 12 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2274/11തീ.11.04.2013 | 15 |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1974/13തീ.04.01.2014 | 11 |

| | | |
|---|---|---|
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1113/2013തീ.08.04.2014 | 11 |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/9977/2014തീ.16.06.2015 | 13 |
| 2013-14 | നം.കെ.എസ്. എ.റ്റി.വി.എം.ജി. പി.11/288/2016 തീ.16.03.2016 | 11 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1365/2016 തീ.01.08.2016 | 14 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 26,250/- രൂപയുടെ വരവിനങ്ങളിലെ നഷ്ടം, 67934/- രൂപയുടെ നിരാകരണം, ചുവടെ പറയുന്ന ന്യൂനതകൾ എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും സർക്കാർ ഉത്തരവ് നമ്പർ 319/2003 ധന/തീയതി 12.06.2003 വും അനുസരിച്ചാണ്.

ന്യൂനതകൾ

1. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിനുള്ള 1,90,000/-രൂപയും, വികലാംഗ പെൻഷൻ തുകയായ 3788500/-രൂപയും AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ക്രയശോഷണം കണക്കാക്കിയുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്